**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2502** **02-08-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ പഠനം സൃഷ്ടിക്കുന്ന മാനസികസംഘർഷം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാരണം ഓൺലൈൻ പഠനം നടക്കുന്ന സമയത്ത് കുട്ടികളിൽ ഉണ്ടാകുന്ന മാനസിക സംഘർഷം പരിഹരിക്കുന്നതിന് സർക്കാർ പദ്ധതികൾ എതൊക്കെയെന്ന് അറിയിക്കാമോ; | (എ) | കുട്ടികളുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി കഴിഞ്ഞവർഷവും ഈ വർഷവും സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ കൗൺസിലർമാരുടെ സേവനം പ്രയോജനപ്പെടുത്തി കുട്ടികൾക്കായി കൗൺസിലിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചുവരുന്നു. ഈ വർഷം വിദഗ്ധ ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തി കുട്ടികൾക്കും രക്ഷിതാക്കൾ ക്കുമായി ടെലികൗൺസിലിംഗ് പ്രോഗ്രാം 'അതിജീവനം' എന്ന പേരിൽ നടന്നുവരുന്നു. ഓൺലൈൻ ക്ലാസ്സുകളുടെ തുടർ പിന്തുണാ പ്രവർത്തനങ്ങളുടെ ഭാഗമായി വർക്ക് ഷീറ്റുകൾ/ പ്രവർത്തനകാർഡുകൾ എന്നിവ നൽകിയിട്ടുണ്ട്. സ്കൂൾ അധ്യാപകർ വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഇടയ്ക്കിടെ ഫോണിൽ ബന്ധപ്പെട്ട് വേണ്ട മാനസിക പിന്തുണയും അക്കാദമിക പിന്തുണയും തുടർച്ചയായി നൽകുന്നു. |
| (ബി) | തുടർച്ചയായി മൊബൈൽ, ലാപ്ടോപ്പ് എന്നീ ഉപകരണങ്ങൾ ഉപയോഗിക്കുന്ന വിദ്യാർത്ഥികൾക്ക് ശാരീരിക മാനസിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഈ നിർദ്ദേശങ്ങൾ രക്ഷിതാക്കളെ അറിയിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | പ്രീ-പ്രൈമറി മുതൽ ഏഴ് വരെയുള്ള ക്ലാസ്സുകൾക്ക് ദിവസം അരമണിക്കൂർ എട്ട്, ഒൻപത് ക്ലാസ്സുകൾക്ക് ദിവസം ഒരു മണിക്കൂർ, പത്ത്- പന്ത്രണ്ട് ക്ലാസ്സുകൾ ദിവസം ഒന്നര മണിക്കൂർ എന്ന രീതിയിലാണ് നിലവിൽ വിക്ടേഴ്സ് ചാനൽവഴി ഡിജിറ്റൽ ക്ലാസ്സുകൾ സംപ്രേഷണം ചെയ്യുന്നത്. ആയതിനാൽ തന്നെ തുടർച്ചയായി മൊബൈൽ, ലാപ് ടോപ്പ് എന്നീ ഉപകരണങ്ങൾ കുട്ടികൾ ഉപയോഗിക്കുന്ന സാഹചര്യം നിലവിലില്ല. ഞായർ, പൊതു അവധി ദിനങ്ങൾ എന്നിവ ഒഴിവാക്കി തിങ്കൾ മുതൽ ശനിവരെയുള്ള ദിവസങ്ങളിൽ മാത്രമാണ് ക്ലാസ്സുകൾ സംപ്രേഷണം ചെയ്യുന്നത്. |
| (സി) | കുട്ടികളുടെ മെച്ചപ്പെട്ട ആരോഗ്യം നിലനിർത്താനായി സ്പോർട്സ് മേഖലയിൽ എന്തൊക്കെ ക്രമീകരണങ്ങൾ ആണ് കോവിഡ് മഹാമാരി | (സി) | പ്രൈമറി തലത്തിലെ കുട്ടികളെ കായിക വിനോദങ്ങളിൽ പങ്കെടുപ്പിക്കുന്നതിനായുള്ള പരിശീലനം നൽകുന്നതിന് സമഗ്രശിക്ഷാ |

| | | | |
|---|---|---|---|
| | കാരണം ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | | കേരളത്തിന്റെ നേതൃത്വത്തിൽ കായിക അധ്യാപകരെ കരാർ അടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകളിൽ നിയമിച്ചിട്ടുണ്ട്. ഈ സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ നേതൃത്വത്തിൽ കോവിഡ് കാലത്തും ഓൺലൈനായി പരിശീലനങ്ങൾ യുട്യൂബ് ചാനൽ വഴി സംഘടിപ്പിക്കുന്നു. 2020-2021 വർഷം സർക്കാർ സ്കൂളുകൾക്ക് കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് സ്പോർട്ട്സ് ഗ്രാൻറ് അനുവദിച്ചിട്ടുണ്ട്. |
| (ഡി) | പൊതുപരിപാടികൾക്ക് നിയന്ത്രണം ഉള്ള അവസ്ഥയിൽ കുട്ടികളുടെ കലാരംഗത്തെ കഴിവ് പ്രോത്സാഹിപ്പിക്കുന്നതിനായി എന്തൊക്കെ പദ്ധതികൾ ആണ് നിലവിൽ ഉള്ളത് എന്നറിയിക്കാമോ? | (ഡി) | കുട്ടികളുടെ കലാരംഗത്തെ കഴിവ് പ്രോത്സാഹിപ്പിക്കുന്നതിനായി സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ നിയമിച്ചിട്ടുള്ള സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ നേതൃത്വത്തിൽ കലാവിദ്യാഭ്യാസത്തിൽ ഡിജിറ്റൽ വീഡിയോ ക്ലാസ്സുകൾ തയ്യാറാക്കി യൂട്യൂബ് ചാനൽ വഴി സംപ്രേഷണം ചെയ്തുവരുന്നു. സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ ടാലന്റ് ലാബ് പ്രവർത്തനങ്ങൾ വിദഗ്ധരുടെ കൂടെ സഹായത്തോടെ നടന്നുവരുന്നു. ഓൺലൈൻ ടാലന്റ് ലാബ് പ്രവർത്തനങ്ങൾ ബി.ആർ.സി തലത്തിലും ജില്ലാ തലത്തിലും നടന്നുവരുന്നു. സംസ്ഥാനതലത്തിലും ടാലന്റ് ലാബ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്. കഴിഞ്ഞ വർഷവും ടാലന്റ് ലാബ് പ്രവർത്തനങ്ങൾ ഓൺലൈനിലും പൊതു പഠന കേന്ദ്രങ്ങൾ വഴിയും സമഗ്രശിക്ഷാ കേരളം നടപ്പിലാക്കിയിരുന്നു. |

സെക്ഷൻ ഓഫീസർ